കട്ടനാട്ടിലെ ചുണ്ടൻവള്ളങ്ങൾ പുതുക്കി പണിയുന്നതിനും വള്ളപ്പുരകൾ നിർമ്മിക്കുന്നതിനും തുക അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

പരിശോധിച്ചു വരുന്നു.

പൂർത്തീകരിക്കാൻ സാധിക്കാത്ത കേന്ദ്ര ടൂറിസം പദ്ധതികൾ

238 (2452) ശ്രീ.കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രാനുമതി ലഭിച്ചതും യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്തതുമായ ടൂറിസം പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി വെളിപ്പെടുത്താമോ ;

(ബി) കേന്ദ്ര ടൂറിസം വകുപ്പിൽനിന്നും മുൻസർക്കാരിന്റെ കാലത്ത് നേടിയെടുത്ത പദ്ധതികൾ ഏതെങ്കിലും ഇനിയും പൂർത്തീകരിക്കാൻ ബാക്കി നിൽപ്പുണ്ടോ; ടൂറിസം പദ്ധതികൾക്കായി കേന്ദ്രം അനുവദിച്ച ഫണ്ട് പൂർണ്ണമായും യഥാസമയം നേടിയെടുക്കാൻ കഴിയാതെ പോയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികളുടെ കാര്യത്തിലാണെന്ന് അറിയിക്കാമോ ;

(സി) വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഏതെല്ലാം പദ്ധതികൾക്ക് അനുവദിച്ച കേന്ദ്രഫണ്ട് തിരികെ നൽകേണ്ടതായി വന്നിട്ടുണ്ട് ;

(ഡി) കോഴിക്കോട് ഹോസ്പിറ്റാലിറ്റി ഇൻസ്റ്റിറ്റ്യൂട്ടിന് കേന്ദ്രം പാസ്സാക്കിയ തുക എത്രയായിരുന്നുവെന്നും ഇത് ഏത് വർഷത്തിലായിരുന്നുവെന്നും തുക പൂർണ്ണമായും നേടിയെടുക്കാൻ സാദ്ധ്യമായോ എന്നും ഇല്ലെങ്കിൽ കാരണം എന്താണെന്നും വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്ഥലമെടുപ്പുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും കാലാവസ്ഥ വ്യതിയാനങ്ങളും നിമിത്തം കേന്ദ്രം അനുവദിക്കുന്ന സമയപരിധിക്കുള്ളിൽ പദ്ധതികൾ പൂർത്തിയാക്കാൻ കഴിയാതെ വന്നിട്ടുണ്ട്. ഇത്തരത്തിൽ പൂർത്തീകരിക്കാൻ കഴിയാത്ത പദ്ധതികളിൽ ചിലത് ഭാഗികമായി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നവയായതുകൊണ്ടും പദ്ധതി നടപ്പിലാക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്തും സംസ്ഥാന പദ്ധതിയായി മാറ്റി നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) കേന്ദ്ര ടൂറിസം വകുപ്പിൽ നിന്നും മുൻ സർക്കാരിന്റെ കാലത്ത് നേടിയെടുത്ത പദ്ധതികളിൽ ചിലത് ഇനിയും പൂർത്തീകരിക്കാൻ കഴിയാതെ പോയിട്ടുണ്ട്. വിശദവിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(സി) വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ അനുവദിച്ച കേന്ദ്ര ഫണ്ട് തിരികെ നൽകേണ്ടതായി വന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.* 2014-15 കാലയളവിൽ കേന്ദ്ര വിഹിതമൊന്നും തന്നെ തിരിച്ചടക്കേണ്ടതായി വന്നിട്ടില്ല.

(ഡി) കോഴിക്കോട് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന് 15.65 കോടി രൂപയുടെ പദ്ധതിയാണ് കേന്ദ്രം പാസാക്കിയത്. ഇതിൽ 10 കോടി കേന്ദ്ര വിഹിതവും 6.5 കോടി സംസ്ഥാന വിഹിതവുമാണ്. 2007-ലാണ് ഈ പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയത്. 6 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാനുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് വ്യവസായ വകുപ്പിൽ നിന്നും ടൂറിസം വകുപ്പിന് കൈമാറിയ ഭൂമി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സൊസൈറ്റിക്ക് കൈമാറിയിട്ടില്ലാത്തതിനാലാണ് ബാക്കി തുകയായ 6 കോടി രൂപ ലഭിക്കാത്തത്.

(നക്ഷത്രചിഹ്നമിടാത്ത 2215, 2426, 2442, 2443, 2444, 2445 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല)

ചോദ്യോത്തരങ്ങൾ കഴിഞ്ഞു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

*

LIBRARY ARCHIVES Kerala Legislative Assembly